

കത്തുകൾ

# ജമാഅത്ത് മുജാഹിദ് സഹകരണം

**എടവണ്ണ** ജമീല ടീച്ചറുമായുള്ള അഭിമുഖവും സി.കെ മുജീബുർറഹ്മാന്റെ കത്തും(2010 ഡിസംബർ 25) വായിച്ചപ്പോൾ ഈയുള്ളവന്റെ വിദ്യാർഥി കാലഘട്ടം ഓർമവന്നു.

1959-'60കാലത്ത് കണ്ണൂർ ജില്ലയിൽ അറിയപ്പെടുന്ന മുജാഹിദ് സ്ഥാപനമായ കടവത്തൂർ എൻ.ഐ മദ്റസ (ഇപ്പോഴത്തെ എൻ.ഐ അറബിക് കോളേജ്)യിലായിരുന്നു പഠനം. കണ്ണൂരിൽനിന്നും മറ്റും ധാരാളം വിദ്യാർഥികൾ അവിടെയുണ്ടായിരുന്നു. കേരള ഗവൺമെന്റ് നടത്തുന്ന അറബിക് ലോവർ ഹയർ പരീക്ഷകൾക്ക് പുസ്തകങ്ങൾ അവിടെ പഠിപ്പിച്ചിരുന്നു. കണ്ണൂർ ജില്ലയുടെ പല സ്ഥലങ്ങളിലും ഗവൺമെന്റ് പ്രൈവറ്റ് ഹൈസ്കൂൾ-പ്രൈമറി സ്കൂളുകളിൽ ജോലി ചെയ്ത് മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരുമുണ്ട്.

അന്നത്തെ മുദർരിസും എരിഞ്ഞിൻ കീഴിൽ ജുമാ മസ്ജിദ് ഖത്വീബുമായ മർഹൂം എടപ്പാറ കുഞ്ഞഹമ്മദ് മൗലവി ഓർമയിൽ വരുന്നു. അദ്ദേഹം ഒരിക്കൽ എന്നോട് പറഞ്ഞു: "നീ ഹയർ പരീക്ഷക്കിരുന്നോ, മറ്റുള്ളവർ ലോവർ പരീക്ഷക്ക് പോയിക്കോട്ടെ." അക്കാലത്ത് ലോവർ പരീക്ഷ പാസ്സായാലാണ് ഹയറിന്നിരിക്കുക. എല്ലാവരും പോയി. ഞാൻ രണ്ട് വർഷവും കൂടി അദ്ദേഹത്തിന്റെ ഉപദേശ പ്രകാരം താമസിച്ച് അഫ്ദലുൽ ഉലമ ഫൈനൽ പരീക്ഷയുടെ സിലബസ് പ്രകാരമുള്ള പുസ്തകങ്ങളും ഖുർആൻ തഫ്സീറുകളും ഹദീസ് ഗ്രന്ഥങ്ങളും പഠിച്ചു. അതേ വർഷം തന്നെ അഫ്ദലുൽ ഉലമ ഫൈനൽ പാസ്സാവുകയും അടുത്ത കൊല്ലം തന്നെ ഗവൺമെന്റ് സ്കൂളിൽ പി.എസ്.സി മുഖേന ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

അറബി ഗ്രന്ഥങ്ങളിൽ അപാരമായ പാണ്ഡിത്യമുള്ള ആളായിരുന്നു അദ്ദേഹം. അക്കാലത്ത് മുജാഹിദ് പണ്ഡിതനായി അറിയപ്പെട്ടിരുന്ന അദ്ദേഹം കഴിഞ്ഞ വർഷമാണ് മരിച്ചത്. വിദ്യാർഥികളിൽ മിക്കവരും വഴിപിരിഞ്ഞപ്പോൾ ഇടക്കിടെ ഞാൻ അദ്ദേഹത്തെ സന്ദർശിക്കാറുണ്ടായിരുന്നു. പഠിക്കുന്ന സമയത്ത് മദ്റസയിൽ ജോലിയും പള്ളിയിലെ ഇമാമത്തും എനിക്കായിരുന്നു. 15 രൂപ ശമ്പളം. അദ്ദേഹത്തിന്റെ പ്രത്യേക പരിഗണന എനിക്കുണ്ടായിരുന്നു. എന്റെ ആ ഗുരുനാഥന് എല്ലാ പാപങ്ങളും പൊറുത്ത് കൊടുത്ത് പരലോകത്ത് വീണ്ടും കാണാൻ അല്ലാഹു അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിക്കുന്നു. അന്ന് *അൽമനാർ*, *അൽമുർശിദ്* തുടങ്ങിയവ വായിക്കുമ്പോൾ അദ്ദേഹം പറയും, *പ്രബോധന*വും വായിക്കണം. ആ ഉപദേശം എന്നെ ജമാഅത്തിലേക്കും *പ്രബോധനം* സ്ഥിരം വായനയിലേക്കും എത്തിച്ചു. കടവത്തൂരിലെ എരിഞ്ഞിൻ കീഴിൽ പ്രദേശം ശിർക്ക് ബിദ്അത്ത് ഇല്ലാത്ത പ്രദേശമായി മാറി. എന്നാൽ ജമാഅത്തും മുജാഹിദും തമ്മിൽ ഇന്നത്തെ പോലെ അകൽച്ചയോ കഴമ്പില്ലാത്ത വിമർശനങ്ങളോ അന്ന് ഉണ്ടായിരുന്നില്ല. ജമീല ടീച്ചറുടെ പിതാവ് അലവി മൗലവിയെപ്പോലെ പ്രശസ്തനായിരുന്നു കടവത്തൂർ ഇ.കെ മൗലവി. അദ്ദേഹം *അൽമനാറി*ൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധേയമായിരുന്നു. കേരള നദ്‌വത്തുൽ മുജാഹിദീൻ സംസ്ഥാന പ്രസിഡന്റ് ഡോ. ഇ.കെ അഹ്മദ് കുട്ടി അദ്ദേഹത്തിന്റെ പൗത്രനാണ്. അഹ്മദ് കുട്ടിയും എന്റെ അന്നത്തെ സഹപാഠിയായിരുന്നു. കടവത്തൂരിലെ കെ.എൻ ഇബ്റാഹീം മൗലവി, എൻ.കെ അഹ്മദ് മൗലവി എന്നിവർ തലശ്ശേരി മുബാറക് ഹൈസ്കൂളിൽ ജോലി ചെയ്തിട്ടുണ്ട്. കെ. മൊയ്തുവും എൻ.കെയും അറബി കവികളാണ്. കടവത്തൂർ എരിഞ്ഞിൻ കീഴിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന സി.എച്ച് അബൂബക്കർ മാസ്റ്റർ, സി.എച്ച് അബ്ദുർറഹ്മാൻ മൗലവി എന്നിവർ അറബി പരീക്ഷാ വിദ്യാർഥികൾക്ക് പ്രോത്സാഹനം നൽകിയവരാണ്.

ജമാഅത്ത് മുജാഹിദ് വേർതിരിവില്ലാതെ, വിദ്യാഭ്യാസത്തിന് എന്ത് ത്യാഗവും സഹിച്ച് പ്രവർത്തിച്ച മഹദ് വ്യക്തികളാണവർ. ജമാഅത്ത് മുജാഹിദ് നേതാക്കൾ പരസ്പരം പഴിചാരാതെ സമൂഹത്തിന്റെ ഉന്നമനത്തിന് ഇനിയും കൂട്ടായ്മയോടെ പ്രവർത്തിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**പി.പി മുഹമ്മദ് വാരം, കണ്ണൂർ**

# സംഘടനാ സങ്കുചിതത്വം

**ജമാൽ** കടന്നപ്പള്ളി എഴുതിയ കത്ത് (2010 ഡിസംബർ 11) ശ്രദ്ധേയമായി. സത്യം നമ്മുടെ സംഘടനക്കുള്ളിൽ മാത്രം പരിമിതമല്ലെന്നും അപ്രകാരമുള്ള സംഘടനാ പക്ഷപാതിത്വം ഇസ്‌ലാമിന് അന്യമാണെന്നും മൗലാനാ മൗദൂദിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം സമർഥിക്കുന്നു. 'ജമാഅത്ത് മുജാഹിദ് സഹകരണത്തിന്റെ കാലിക പ്രസക്തി'യെക്കുറിച്ച് സി.കെ മുജീബുർറഹ്മാൻ വാഴക്കാടിന്റെ കുറിപ്പും (2010 ഡിസംബർ 25) ശ്രദ്ധേയമായി. എടവണ്ണ ജമീല ടീച്ചറുമായുള്ള അഭിമുഖം, വി.എ മുഹമ്മദ് അശ്റഫിന്റെ 'വൈവിധ്യം പോരാട്ടത്തിനുള്ള ന്യായമല്ല' എന്ന ലേഖനം തുടങ്ങിയ വിഭവങ്ങളാൽ സമൃദ്ധമായിരുന്നു പ്രസ്തുത ലക്കം.

സ്വന്തം സംഘടനയുടെ സ്വയം തീർത്ത തടവറകളിൽനിന്നുകൊണ്ട് നന്മ ഉൾക്കൊള്ളാൻ കഴിയാത്ത സംഘടനാ പ്രവർത്തകർ തങ്ങളുടെ കൈയാൽ എല്ലാം നിയന്ത്രിക്കണം എന്ന് ചിന്തിക്കുമ്പോൾ സംഘടനാ സങ്കുചിതത്വം മാത്രമായിരിക്കില്ലേ അതിന്റെ അനന്തരഫലം?

**അൽത്താഫ് അമ്മാട്ടിക്കുന്ന്**
althafammatikunnu@gmail.com

# ഒഴുകുന്ന സമുദായം; ഒലിച്ചുപോകുന്ന മൂല്യങ്ങൾ

**കാരുണ്യം,** നീതി, സാഹോദര്യം, സഹജീവിസ്നേഹം, സമത്വം തുടങ്ങിയ മാനുഷിക ഗുണങ്ങളാൽ സമ്പന്നവും സുന്ദരവുമാണ് ഇസ്‌ലാമിന്റെ ശരീരവും ആത്മാവും. ഖുർആനും നബിവചനങ്ങളും വരച്ചുകാട്ടുന്നത് നന്മവഴിയുന്ന വ്യക്തികളെയും സമൂഹത്തെയുമാണ്. പ്രവാചകൻ രൂപപ്പെടുത്തിയെടുത്തതും അങ്ങനെയൊരു സമൂഹത്തെയാണ്. ഗോത്രവൈരത്തിന്റെ ചോരക്കളങ്ങളാൽ ചുവന്ന മക്കാമരുഭൂമി സ്നേഹപ്പൂക്കളുടെ വസന്താരാമമാക്കിയ കഥയാണ് ഇസ്‌ലാമിന് പറയാനുള്ളത്.

എന്നാൽ സാമ്രാജ്യത്വശക്തികൾ ലോകത്തിനു മുന്നിൽ വരച്ചുവെക്കുന്ന ഇസ്‌ലാമിന്റെ ചിത്രം നടുക്കമുളവാക്കുന്നതാണ്. ഭീകരതയുടെ ഉറവിടമായാണ് ഇസ്‌ലാമിനെ ചിത്രീകരിക്കുന്നത്. മനുഷ്യ സ്നേഹത്തിന്റെ സന്ദേശത്തെ ഭീകരവാദത്തിന്റെ ഉറവിടമായി അവതരിപ്പിക്കുന്ന കാപട്യവും ക്രൂരതയും അപലപനീയമാണ്. ഈ വ്യാജങ്ങളുടെ കട്ടപ്പുകക്കിടയിൽനിന്നു പോലും ഇസ്‌ലാമിന്റെ വെളിച്ചം കൈയെത്തിപ്പിടിക്കാൻ തയാറാവുന്ന ധീരരായ സത്യാന്വേഷികളെക്കുറിച്ച് പുറത്തുവരുന്ന വാർത്തകൾ ഏറെ ആശ്വാസദായകവും അതിലേറെ വിസ്മയകരവുമാണ്.

ഈ ആശ്വാസങ്ങൾക്കിടയിലും ഖേദകരമായ ചില വസ്തുതകൾ കാണാതിരുന്നുകൂടാ. മുസ്‌ലിം സമുദായത്തിൽ പ്രത്യക്ഷപ്പെടുന്ന തെറ്റായ പ്രവണതകളാണവ. ഉള്ളവൻ അങ്ങേയറ്റം അഹങ്കാരിയും ധിക്കാരിയുമായി വിലസുന്നു. പൊങ്ങച്ചവും ധൂർത്തും ദുർവ്യയവും സർവസാധാരണമായിരിക്കുന്നു. അവരുടെ സദ്യമാമാങ്കത്തിന് ആളുകൾ സസന്തോഷം ഒഴുകിയെത്തുന്നു. ആർക്കുമില്ല പ്രതിഷേധം. ആർക്കുമില്ല ധൂർത്തന്മാർ പിശാചിന്റെ കൂട്ടാളികളാണെന്ന ഖുർആൻ സൂക്തങ്ങളെക്കുറിച്ച ഓർമ. അവയെല്ലാം പ്രസംഗത്തിലും ഗ്രന്ഥങ്ങളിലും മതിയെന്നു വെച്ചിരിക്കുകയാണ്. ഗ്രന്ഥത്തിലുള്ളതല്ല നടപ്പിലുള്ളത്. ലാളിത്യത്തെക്കുറിച്ചുള്ള ഉദ്ബോധനങ്ങൾക്കും കടലാസുകൾക്കും പിന്നെന്തർഥം എന്നു ചോദിച്ചാൽ ആർക്കും ഉത്തരമില്ല. ഇക്കാലത്ത് അതൊക്കെ നടക്കുമോ എന്ന് സ്വകാര്യം പറയുന്നവരുമുണ്ട്. അപ്പോൾ പിന്നെ ഇസ്‌ലാം പറഞ്ഞ ലാളിത്യം ഏതുകാലത്തേക്കുള്ളതാണ്? ആർക്കുവേണ്ടിയാണ്?

ഒഴുക്കിനൊപ്പം ഒഴുകുകയാണ് 'ഉത്തമ സമുദായ'വും. മൂല്യങ്ങൾ ഒലിച്ചുപോകുന്നതിൽ ആർക്കുമില്ല വേദന. 'ജീവിതമെന്നാൽ ഈ ലോകജീവിതം മാത്രം. ഈ ജീവിതത്തിനപ്പുറം ഒരു പരലോകമുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല.' പ്രവാചകന്മാരോട് സത്യനിഷേധികൾ വെട്ടിത്തുറന്നു പറഞ്ഞ കാര്യം ഇസ്‌ലാമിന്റെ ആൾക്കാരും പറയുകയാണ്, ശബ്ദമില്ലാതെ.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

# സിനിമയെക്കുറിച്ചു തന്നെ

**"ഇസ്‌ലാമിക** ആദർശ കഥാപാത്രങ്ങൾ സമൂഹത്തിനു നൽകുന്ന നന്മയെ വിളിച്ചോതുന്ന സിനിമകൾ നിർമിക്കാൻ മുന്നിട്ടിറങ്ങണം." *പ്രബോധന*ത്തിൽ വന്ന അഭിപ്രായം അറുപത്തഞ്ചോളം വർഷം എത്തിനിൽക്കുന്ന മലയാള സിനിമാ രംഗത്ത് ഇനിയെങ്കിലും സജീവ ചർച്ചക്ക് വിധേയമാകേണ്ടിയിരിക്കുന്നു. നാടക-സിനിമാ കലകളെ ആരംഭത്തിൽതന്നെ സമുദായത്തിനു നിഷിദ്ധമാക്കിയും ആ രംഗത്ത് പ്രവർത്തിക്കുന്നവരെ നിഷേധികളാക്കിയും വേലിക്കെട്ടുകൾ തീർത്ത മതമേധാവികൾ, തിന്മകളും തെറ്റായ ആശയങ്ങളും പ്രചരിപ്പിക്കപ്പെടുന്നതിനു പകരമായി ഇസ്‌ലാമികാശയങ്ങളുടെയും നന്മയുടെയും പ്രചാരണത്തിന് ഒരു വഴിയും നിർദേശിച്ചില്ല. അഭിനയവും പാട്ടും കലയുമൊക്കെ തലമുറയെ സ്വാധീനിക്കുന്ന കലാ രൂപങ്ങളായി മനസ്സിലാക്കാതെ, അതിന്റെ വൈജ്ഞാനിക-സാങ്കേതിക വിദ്യകൾ മറ്റുള്ളവർക്ക് പതിച്ചുനൽകി അവർ ദൂരെ മാറിനിൽക്കുകയായിരുന്നു. ഇനി സിനിമാ രംഗത്ത് എത്തിപ്പെട്ടവരാകട്ടെ, ആദർശ പ്രചാരണത്തിന് ഉപയോഗപ്പെടുത്താവുന്ന തരത്തിലുള്ള ഇസ്‌ലാമിക ചിന്തകൾ ഉണ്ടായിരുന്നുമില്ല.

നല്ല സിനിമകൾ സമൂഹത്തെ അഗാധമായി സ്വാധീനിക്കുമെന്നും അവ ആശയപ്രചാരണോപാധിയാക്കി മാറ്റുമ്പോൾ കാണികൾക്ക് ആവേശകരമാകുമെന്നും, ലോകം വിലമതിക്കുമെന്നും ഇറാനിയൻ സിനിമകൾ തെളിയിച്ചുകഴിഞ്ഞതാണ്.

ഒളിവിലും മറവിലും പ്രവർത്തിച്ച ശേഷം ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തരം കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആശയ പ്രചാരണത്തിന് കേരളത്തിൽ അവർ തെരഞ്ഞെടുത്തത് നാടകവും സിനിമയുമായിരുന്നു. കേരളത്തിൽ അത് വേരൂന്നി ഭരണം വരെ ലഭിക്കാനുതകുമാറ് സ്വാധീനമുണ്ടാക്കാൻ തോപ്പിൽ ഭാസിയുടെയും വയലാറിന്റെയും ശ്രമങ്ങൾ സഹായകമായി. തുടർന്നും ചില ചിത്രങ്ങളിൽ കമ്യൂണിസം തകർന്ന ശേഷവും അതിന്റെ ആദർശ കഥാപാത്രങ്ങളെ സൃഷ്ടിച്ച്, അനുവാചകരിൽ പുനഃപ്രതിഷ്ഠ നേടുന്നതിനുള്ള രീതി തുടരുന്നു എന്നു കാണാം.

**പി.എസ് കുഞ്ഞുമൊയ്തീൻ**
**ആലുവ**

# മനസ്സിൽ കുറ്റബോധമുണ്ടാക്കുന്ന ലേഖനം

**'പ്രകടനപരത** കടന്നുവരുന്ന 15 വഴികൾ' എന്ന ലേഖനം മനസ്സിനെ വല്ലാതെ പിടിച്ചുലച്ചു. സാധാരണക്കാരിലും പണ്ഡിതന്മാരിലും കണ്ടുവരാറുള്ള മാരക രോഗമാണ് പ്രകടനപരത. ഇത്തരം പംക്തികൾ മുടങ്ങാതിരിക്കാൻ *പ്രബോധനം* പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഉണർത്തുന്നു.

**ഉമ്മുഹാനി**
**കാലിക്കറ്റ് യൂനിവേഴ്സിറ്റി**